യേശുവിന്റെ ഭൂസ്ഥിതി

ക്രിസ്തുചരിതം ഇന്നും ഒരു സവിശേഷചർച്ചാവിഷയമാണ്. ചർച്ചയിൽ പങ്കെടുക്കാനും പുതിയ നിഗമനങ്ങൾക്ക് കൗതുകപൂർവ്വം ചെവിയോർക്കാനും ധാരാളം പേരുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലായി ആയിരക്കണക്കിനു ഗവേഷകർ ക്രിസ്തുചരിതസംബന്ധമായ പഠനഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. അതിനുമപ്പുറം ക്രൈസ്തവസഭകൾ ജനപ്രിയരൂപത്തിലുള്ള ക്രിസ്തുചരിതം വർണ്ണപ്പൊലിമയോടെ നിരന്തരം പുനരവതരിപ്പിക്കുന്നു. ഒരുകൂട്ടർ ക്രിസ്തു എന്ന ചരിത്രപുരുഷനെ പുനരുദ്ധരിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ വേറെ ചിലർ ചരിത്രേതരനും മാന്ത്രികനുമായ ക്രിസ്തുവിനെ പുനരാവഹിച്ച് ഒരു വിസ്മയലോകം തീർക്കുന്നു. ഇത്തരം സംരംഭങ്ങൾക്കെല്ലാം വേണ്ടുവോളം പിന്തുണക്കാരുമുണ്ട്. ആദർശധീരരായ ചിലർ യേശുവിനെ തങ്ങളുടെതന്നെ പ്രതിച്ഛായയിൽ ഒരു മൂർത്തിയായി സങ്കൽപ്പിക്കുന്നു—ഒരു ഉപാസനാമൂർത്തി അല്ലെങ്കിൽ ആരാധനാവിഗ്രഹം. ഇവരിൽനിന്നെല്ലാം വ്യത്യസ്തമായി യേശുവിനെ അന്വേഷിക്കുന്ന ഒരു ന്യൂനപക്ഷമുണ്ട്. ധൈഷണികതയ്ക്കും അനുഭവത്തിനും തുല്യപ്രാധാന്യം കൽപ്പിക്കുന്നവരാണവർ. ഒരുകാലത്തും അവരുടെ വംശം കുറ്റിയറ്റുപോകുന്നില്ല. പൊതുസമൂഹത്തിന്റെ മുഖ്യധാരാചിന്തകളെയും സാമാന്യബുദ്ധിയെയും വിമർശനപരമായി സമീപിക്കുന്നവരാണ് ഇക്കൂട്ടർ. ഇവരുടെ കർമ്മങ്ങൾക്കും വചനങ്ങൾക്കും കാലം കാതോർക്കുമ്പോൾ മാറ്റത്തിന്റെ കുളമ്പടിശബ്ദം ഉയർന്നു കേൾക്കും. അഞ്ഞൂറു വർഷത്തിനുമുൻപ് (1517) മാർട്ടിൻ ലൂഥർ ജർമ്മനിയിലെ വിറ്റൻബർഗ് ദേവാലയത്തിന്റെ കവാടത്തിൽ പതിച്ച പ്രഖ്യാപനം അത്തരത്തിലൊന്നായിരുന്നു. യേശുവിന്റെ പിൻതുടർച്ച അവകാശപ്പെടുന്ന ക്രൈസ്തവസഭയുടെ നടത്തിപ്പിനെ അതികഠിനമായി വിമർശിക്കുന്നതായിരുന്നു ആ രേഖ. എന്നും എവിടെയും യേശുവിനെ പുതിയ വെളിച്ചത്തിൽ പ്രതിഷ്ഠിക്കുന്നവർ വിമർശനംകൊണ്ടാണ് വെളിച്ചം സൃഷ്ടിക്കുന്നത്. മാർട്ടിൻ ലൂഥർ പറഞ്ഞതിൽ പതിരുകളുണ്ടാവാം. പക്ഷേ, മാർട്ടിൻ ലൂഥറിന്റെയും അനുയായികളുടെയും വിശ്വസ്തത വേദപുസ്തകത്തോടാണ്. വേദപുസ്തകത്തെക്കാൾ പാരമ്പര്യത്തെ മതിച്ചിരുന്ന കത്തോലിക്കാസഭ ഞെട്ടിയുണരാൻ നിർബ്ബന്ധിതരായി. മതനവീകരണത്തിന്റെ തുടർച്ചയിൽത്തന്നെ. പ്രതിനവീകരണവും ഉണ്ടായി. അതായത്, മതനവീകരണത്തോടെ യേശുവിന് പുതി

യൊരു മുഖമുണ്ടായി. യേശുവിനെക്കുറിച്ചുള്ള വിവാദങ്ങളും തർക്കങ്ങളും സംവാദങ്ങളും യേശുചരിത്രത്തിന് പുതിയ പൊരുൾ നൽകി എന്നാണ് ചരിത്രം നൽകുന്ന പാഠം.

പഴയതെല്ലാം റദ്ദാക്കിക്കൊണ്ടല്ല പുതിയ യേശുചരിതം കടന്നു വരുന്നത്. പുതിയ പരിതോവസ്ഥകളോടു പ്രതികരിച്ചുകൊണ്ട് അതു വളർച്ച പ്രാപിക്കുന്നു. മലയാളത്തിൽ യേശുചരിതത്തിനു വളർച്ചയുണ്ടാക്കിയ ചിന്തകളും പ്രസ്ഥാനങ്ങളും വിരളമാണ്. വേദപുസ്തകം അചഞ്ചലമായ പൊരുളാണ്, അതിന്റെ സംരക്ഷണയിൽ വിശ്വാസ പ്രമാണങ്ങളും ആരാധനാക്രമങ്ങളും സമുദായമര്യാദകളും മാറ്റമില്ലാതെ തുടരണം—ഇതാണ് ഇവിടുത്തെ മദ്ധ്യവർഗ്ഗക്രൈസ്തവലോകത്തിന്റെ പൊതുസങ്കല്പം. ഈ ഇടത്തിലേക്കാണ് സോമദത്തന്റെ 'ചരിത്രത്തിലെ ക്രിസ്തു' എന്ന ഗ്രന്ഥം കടന്നുവരുന്നത്. മലയാളത്തിലെ ക്രിസ്തുചരിതവംശാവലിയിൽ ഈ പുസ്തകത്തെയും കണ്ണിചേർക്കാം. അല്ലെങ്കിൽ ലോകക്രൈസ്തവ വിജ്ഞാനശാഖയിൽ കൂട്ടിയിണക്കി മനസ്സിലാക്കാൻ ശ്രമിക്കാം. ഇതൊന്നുമല്ലെങ്കിൽ ക്രൈസ്തവചരിത്രത്തിന്റെയും വിശ്വാസത്തിന്റെയും ആചാര്യമര്യാദകളുടെയും വെളിച്ചത്തിൽ വിധിച്ചു തള്ളാം. സഭയോടോ പരമ്പരാഗതരീതികൾക്കൊപ്പമോ ചിന്തിക്കുകയും വിധിക്കുകയും വികാരം കൊള്ളുകയും ചെയ്യുക എന്നത് എക്കാലത്തും പ്രബലമായ ഒരു 'ജ്ഞാന'പദ്ധതിയായിരുന്നു. ഇത്തരം സഭാത്മകയുക്തികൾക്ക് യഥാർത്ഥ അറിവുവഴികളുമായി കലഹിക്കേണ്ടിവരുമെന്നത് സാമാന്യബുദ്ധി മാത്രമാണ്. കേരളത്തിലെ ക്രൈസ്തവസഭകൾ, അവയിലെ ഭൂരിപക്ഷം വിശ്വാസികൾ സോമദത്തന്റെ പുസ്തകം പ്രസരിപ്പിക്കുന്ന പുതിയ വെളിച്ചം ഉൾക്കൊണ്ട് പുതിയ തിരിച്ചറിവുകൾ നേടുമെന്നു ഞാൻ പറയുന്നില്ല. ചരിത്രബോധമുള്ളവരാരും അങ്ങനെയൊരു പ്രതീക്ഷ പുലർത്തുമെന്നും കരുതുന്നില്ല. എങ്കിലും യേശുവിന്റെ ദിവ്യചരിത്രത്തിലും സഭകളുടെ കെട്ടുകഥകളിലും പങ്കുചേരുന്നവർക്ക് ഈ പുസ്തകം പ്രയോജനകരമായി ഉപയോഗിക്കാൻ കഴിയുമോ എന്ന ഒരു ചോദ്യം ഈ പുസ്തകം എന്റെ മുന്നിൽ ഉന്നയിക്കുന്നു. ക്രൈസ്തവസമുദായത്തിൽ ജനിച്ചു വളർന്ന ഒരു വ്യക്തി എന്ന നിലയിൽ ഞാൻ എന്നോടുതന്നെ ചോദിക്കുന്ന ഒരു ചോദ്യംകൂടിയായി അതു മാറുന്നു. ഇത് ഞാൻ മാത്രം നേരിടുന്ന ഒരു പ്രശ്നമാണെന്നു തോന്നുന്നില്ല.

സോമദത്തന്റെ പുസ്തകം ഒരു വിശ്വാസപ്രമാണമോ പ്രഖ്യാപനമോ കല്പനയോ അല്ല; അന്വേഷണമാണ്, ചർച്ചയാണ്. ക്രൈസ്തവലോകത്തിന്റെ വിശ്വാസാചാരങ്ങളുടെയും ബൈബിൾവിജ്ഞാനത്തിന്റെയും ഒത്ത നടുവിൽവച്ചു നടത്തുന്ന പരസ്യചർച്ച. യേശുവിജ്ഞാനങ്ങളുടെയും സാമൂഹികശാസ്ത്രങ്ങളുടെയും ചരിത്രാനുഭവങ്ങളു

ടെയും വെളിച്ചത്തിൽ നടത്തുന്ന ചർച്ച. അതു നിർലക്ഷ്യമല്ല. ആരെയും കുറ്റം വിധിക്കാനോ ശിക്ഷിക്കാനോ ഉള്ള പുറപ്പാടുമല്ല. വിട്ടുവീഴ്ചയില്ലാത്ത ചരിത്രബോധവും മനുഷ്യസമൂഹപരിണാമത്തിലുള്ള വിശ്വാസവുമാണ് പുസ്തകത്തിലെ വ്യവഹാരത്തെ മുന്നോട്ടു നയിക്കുന്നത്. ചരിത്രത്തിൽ സംഭവിച്ച അട്ടിമറി തിരിച്ചറിയപ്പെട്ടിട്ടില്ല. ഗ്രന്ഥാവസാനത്തിൽ ഇക്കാര്യം സോമദത്തൻ വ്യക്തമാക്കുന്നുണ്ട്. ചരിത്രവസ്തുതകൾ തേടിപ്പിടിച്ച് പരാമർശങ്ങൾ ബോദ്ധ്യപ്പെടുത്താം എന്നാണ് ഗ്രന്ഥകാരന്റെ വിശ്വാസം. അദ്ദേഹം എഴുതുന്നു:

"പാലസ്തീനിൽ തിരസ്കൃതരുടെ പക്ഷത്തു നിന്നുകൊണ്ട് പോരാടി ജീവത്യാഗംചെയ്ത യേശുവെന്ന രാഷ്ട്രീയമിശിഹായെ മനുഷ്യപാപം പരിഹരിക്കുന്ന ദൈവപുത്രനാക്കി മാറ്റുക. ക്രിസ്തു വെട്ടിത്തെളിച്ച വിമോചനത്തിന്റെ പാതയിൽ മുള്ളും ഞെരിഞ്ഞിലും വാരിയിട്ട് സഞ്ചാരയോഗ്യമല്ലാതാക്കി. യഥാർത്ഥ വഴി കാടുപിടിക്കുകയും ചെയ്തു."

ഇതാണ് സോമദത്തൻ അവതരിപ്പിക്കുന്ന യേശുചരിതം. വ്യക്തിമഹത്ത്വവാദമല്ല, മറിച്ച്, കാലത്തിലൂടെയും ദേശത്തിലൂടെയും വ്യാപിച്ചുകിടക്കുന്ന സങ്കീർണ്ണശൃംഖലകളെ കണ്ടെത്തുകയാണ് അദ്ദേഹം ചെയ്യുന്നത്. യേശു എന്ന ചരിത്രപുരുഷനെ സാമൂഹികശൃംഖലയിലൂടെ മനുഷ്യചരിത്രത്തോളം വ്യാപിപ്പിക്കുന്നു. ജൂതസമുദായത്തിനുള്ളിലെ പ്രസ്ഥാനങ്ങളെയും ചരിത്രത്തിലെ ദശാസന്ധികളെയും വൈജ്ഞാനികതയുടെ പരിണാമത്തെയും കൂട്ടിയിണക്കുന്ന ഈ ശൃംഖലബോധമാണ് സോമദത്തന്റെ രചനയെ വ്യത്യസ്തമാക്കുന്നത്. ചരിത്രത്തിന്റെ സമകാലികതയെക്കുറിച്ചുള്ള ബോധം സാധാരണ മതചർച്ചകളിൽ പതിവുള്ളതല്ല. പരിവർത്തനവ്യഗ്രതയിൽ ചരിത്രാനുഭവങ്ങളെ മറന്ന് ചരിത്രത്തെ വിഗ്രഹവൽക്കരിക്കുകയാണു പതിവ്. യേശുചരിത്രത്തെ മാനവാനുഭവത്തിൽ സന്നിവേശിപ്പിച്ച് ഉജ്ജ്വലമാക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു. അതുകൊണ്ട് എല്ലാവരും തൃപ്തിപ്പെടുമെന്നു കരുതാനാവില്ല. ട്രോളുകളുടെ കാലത്ത് ഇത്രത്തോളമെങ്കിലും ചെയ്യാൻ കഴിയുന്നത് വലിയ കാര്യമായിട്ടാണ് ഞാൻ കരുതുന്നത്. സംവേദനശൃംഖലയിൽ യേശുചരിതത്തിന് എന്തു സംഭവിക്കുന്നു എന്നു ഗൗനിക്കാതെ പരമ്പരാഗതശൈലിയിൽ യേശുവിനെക്കുറിച്ച് നിരന്തരം സംസാരിക്കുന്നവരുണ്ട്. സംവേദനശൃംഖലയിൽ സംഭവിച്ച മാറ്റങ്ങൾ അവർ തിരിച്ചറിയുന്നതേയില്ല. വക്താവിനും ശ്രോതാവിനും വന്ന മാറ്റങ്ങൾ ഇന്നത്തെ സംവേദനവിപ്ലവത്തിന്റെ കാതലാണ്. ഈ മാറ്റം ഉൾക്കൊള്ളുന്നുണ്ട് എന്നതുകൊണ്ടുതന്നെ സോമദത്തന്റെ കൃതി പ്രശംസനീയംതന്നെയാണ്.

സോമദത്തന്റെ ചരിത്രവിചാരണകളിലൂടെ കടന്നുപോകുമ്പോൾ ചരിത്രവും പൈതൃകവും തമ്മിലുള്ള അന്തരം ഇദ്ദേഹം ഗൗനിക്കു

ന്നില്ലെന്നു തോന്നുന്നു. ആധുനികതയിൽനിന്ന് ഉത്തരാധുനികതയിലെത്തുമ്പോൾ യാഥാർത്ഥ്യവും മായികതയും തമ്മിലുള്ള അതിർത്തിത്തർക്കം കണ്ടില്ലെന്നു നടിക്കാനാവില്ല. യേശു ഒരു സംവേദനാനുഭവം എന്ന നിലയിൽ വിലയിരുത്തപ്പെടുമ്പോൾ അതിന്റെ പുരാവിജ്ഞാനീയംകൊണ്ടുമാത്രം തൃപ്തിപ്പെടാനാവില്ല. അതിന്റെ അനുഭവമൂല്യം സവിശേഷപരിഗണന അർഹിക്കുന്നു. വൈകാരിക അനുഭവം എന്ന നിലയിൽ യേശുചരിതത്തെ പരിഗണിക്കുമ്പോൾ രാഷ്ട്രീയം നിർണ്ണായകഘടകമായിത്തീരുന്നു. ജറുസലേമിൽ വളർന്ന് മരിച്ച യേശു ഭൂഖണ്ഡങ്ങൾ മാറിമാറി സഞ്ചരിച്ച് 21-ാം നൂറ്റാണ്ടിൽ എത്തുമ്പോൾ എന്തെന്തു വൈകാരികമൂല്യങ്ങൾ നേടിയിരിക്കുന്നു എന്ന കാര്യംകൂടി ചർച്ചചെയ്യപ്പെടണം. അതാണ് അനുഭവത്തിന്റെ രാഷ്ട്രീയം. അനുഭവത്തിന്റെ രാഷ്ട്രീയം ചരിത്രത്തിന്റെ വഴികളിൽനിന്ന് ഇടയ്ക്കിടയ്ക്ക് വികാരത്തിന്റെ പുഴകളിലൂടെയും കടലുകളിലൂടെയും സഞ്ചരിക്കാറുണ്ട്. അത്തരം കപ്പലോട്ടങ്ങൾകൂടി അടയാളപ്പെടുത്തുന്നതായിരിക്കണം ഭാവിയുടെ ക്രിസ്തുചരിതം. കോളണിയനന്തരകാലത്തിലെ ക്രൈസ്തവചിന്ത ഈ വഴിക്ക് കുറെയൊക്കെ പുരോഗമിച്ചിട്ടുണ്ട്. യേശുവിന്റെ പരിണാമത്തിലും പ്രത്യക്ഷീകരണത്തിലും വംശീയതയും ദേശീയതയും സൃഷ്ടിച്ച പരിവർത്തനങ്ങൾ തത്ത്വനിഷ്ഠമായി ചർച്ചചെയ്യാൻ ഇപ്പോൾ നമുക്കു കഴിഞ്ഞേക്കും. ബഹുമതപ്രദേശമായ കേരളത്തിലെ ക്രിസ്തുവിന്റെ സഞ്ചാരപഥങ്ങൾ അടയാളപ്പെടുത്തുമ്പോൾ വംശത്തിന്റെയും ദേശത്തിന്റെയും എലുകകൾ തെളിഞ്ഞു കാണാം. കേരളത്തിലെ ക്രിസ്തു അനുഭവം കേന്ദ്രമാക്കി ഇക്കാര്യങ്ങൾ ചർച്ചചെയ്യാവുന്നതാണ്. യൂറോപ്പിന്റെ ജൂതവിദ്വേഷം, ഇസ്ലാം വിരുദ്ധത, പശ്ചിമേഷ്യയിലെ ജൂത-ഇസ്ലാം സംഘർഷം, കേരളത്തിലെ വിവിധ ക്രൈസ്തവവിഭാഗങ്ങൾ തമ്മിലുള്ള ചേരിപ്പോരുകൾ തുടങ്ങിയവയെല്ലാം കൂട്ടിച്ചേർത്തു വായിക്കുമ്പോഴാണ് യേശുചരിത്രത്തിന്റെ പ്രസക്തി പ്രകടമാകുന്നത്. അങ്ങനെയുള്ള സാഹസികരചനകൾക്കു പ്രചോദനമാകട്ടെ സോമദത്തന്റെ രചന.

ഡോ. സ്കറിയാ സക്കറിയ